## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **26-06-2024 - ൽ മറുപടിയ്ക്ക്**

## രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റലായി തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം തന്നെ മടക്കി നല്കുന്നതിനുമുള്ള സൗകര്യം കൊണ്ടു വരുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ നടപടികൾ ലഘൂകരിക്കുന്നതിനായി സർക്കാർ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ആധാരത്തിന്റെ പുറത്തെഴുത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പരീക്ഷണ പരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വിവിധ തരം ആധാരങ്ങളുടെ പുറത്തെഴുത്ത് മാതൃകകൾ ഏകീകരിക്കുന്നതിനായി 2023 ജൂലൈ 13 മുതൽ 15 വരെ ശില്പശാല നടത്തുകയും ആയതിൽ രൂപം നല്കിയ പുറത്തെഴുത്ത് മാതൃകകൾക്ക് ഡിജിറ്റൽ രൂപം നല്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.<br><br>ഈ സംവിധാനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 315 സബ് രജിസ്ട്രാർ ഓഫീസുകളിലും വെബ്ക്യാമറകൾ, ഡിജിറ്റൽ സിഗ്നേച്ചർ പാഡുകൾ, ബയോമെട്രിക് സ്കാനറുകൾ, കളർ ലേസർ പ്രിന്ററുകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. ഈ ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ ജോലികളും, ജീവനക്കാരുടെ പരിശീലന പരിപാടികളും പൂർത്തിയാകുന്ന മുറയ്ക്ക് ഘട്ടം ഘട്ടമായി ഈ സൗകര്യം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ